ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ 33 പോലീസ് ലാത്തിച്ചാർജ്ജും 91 ടിയർ ഗ്യാസ് ഷെൽ പ്രയോഗവും 73 ജല പീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്.

(ബി) പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ 11 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയ 468569 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

194 (198) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട ആകെ കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്രയാണ് ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസ്സുകൾ എത്രയാണെന്നും അതിൽ ഒരു വർഷവും രണ്ട് വർഷവും അതിൽ കൂടുതലും പിന്നിട്ട കേസ്സുകൾ എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) തീരുമാനമാകാത്ത കേസ്സുകളിൽ എത്രപേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട് ;

(ഇ) പ്രസ്തുത കേസ്സുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെനടന്ന അതിക്രമങ്ങൾ എത്രയെന്നും കൊലപാതകങ്ങൾ, സ്ത്രീപീഡനങ്ങൾ, ബലാത്സംഗങ്ങൾ എന്നിവ എത്ര വീതമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,766 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) 924 കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാനുണ്ട്.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസുകൾ - 519

ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയിലുള്ള കേസുകൾ - 51

രണ്ടു വർഷത്തിനും മൂന്നു വർഷത്തിനുമിടയിലുള്ള കേസ്സുകൾ - 11

മൂന്നിൽ കൂടുതൽ വർഷം പിന്നിട്ട കേസുകൾ - 16

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തീരുമാനമാകാത്ത കേസുകളിൽ 513 പേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

(ഇ) രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു: സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങൾ/സ്ത്രീ പീഡനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ (ബലാത്സംഗം ഒഴികെ) - 1,076. കുട്ടികൾക്കു നേരെ നടന്ന അതിക്രമങ്ങൾ/പീഡനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ - 261. കൊലപാതകവുമായി ബന്ധപ്പെട്ട കേസുകൾ - 14. ബലാത്സംഗ കേസുകൾ - 614

ജൂണേരി അക്രമം

195 (199) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജൂണേരി അക്രമ സംഭവങ്ങളെ സംബന്ധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സമാധാനന്തരീക്ഷം നിലനിർത്താനും പ്രത്യേകം ശ്രദ്ധ ചെലുത്തുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ബാധകമല്ല.

(സി) പ്രത്യേക ശ്രദ്ധചെലുത്തിവരുന്നു. പോലീസ് നിരീക്ഷണം കർശനമാക്കിയും പോലീസ് പട്രോളിംഗ്, പിക്കറ്റിംഗ് എന്നിവ ഊർജ്ജിതമാക്കിയും നിലവിൽ കേസിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും ജൂണേരി പ്രദേശത്ത് അക്രമ സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സമാധാനന്തരീക്ഷം നിലനിർത്താനും ശ്രദ്ധിച്ചുവരുന്നു.

ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരുടെ മോചനം

196 (200) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശിക്ഷാ കാലാവധി പൂർത്തിയാക്കിയിട്ടും ജയിലുകളിൽ കഴിയുന്ന തടവുകാരുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly